# ഈശ്വരവിശ്വാസത്തെയും ആചാരക്രമങ്ങളെയും മാറ്റിമാറിക്കാൻ ശ്രമിക്കരുത്

അഹിന്ദുക്കൾക്കും ഗുരുവായൂർക്ഷേത്രത്തോടു ചേർന്നുള്ള അന്നലക്ഷ്മീഹാളിൽ പ്രവേശിക്കാനും പ്രസാദമൂട്ടിൽ പങ്കെടുക്കുന്നതിനും അനുമതി നല്കിക്കൊണ്ടുള്ള ഗുരുവായൂർ ദേവസ്വം സമിതിയുടെ പുതിയ ഉത്തരവ് ഇറങ്ങുകയുണ്ടായി. പ്രസാദമൂട്ടുഹാളിൽ ക്ഷേത്രാചാരമര്യാദ പാലിക്കണമെന്ന വ്യവസ്ഥ വേണ്ടെന്നുവച്ചുകൊണ്ട് ഷർട്ട്, ബനിയൻ, പാദരക്ഷകൾ എന്നിവ ധരിച്ചു പ്രവേശിക്കാനും എല്ലാ മതവിഭാഗങ്ങളിൽപെട്ടവർക്കും പ്രസാദമൂട്ടിൽ പങ്കെടുക്കാൻ അനുവാദം നല്കാനുമാണ് ഇപ്പോഴത്തെ ഭരണസമിതി തീരുമാനിച്ചത്.

മുമ്പ് ക്ഷേത്രത്തിനകത്ത് ഊട്ടുപുരയിലായിരുന്ന പ്രസാദമൂട്ട് മൂന്നുവർഷം മുമ്പാണ് ക്ഷേത്രത്തിനു പുറത്തെ അന്നലക്ഷ്മീഹാളിലേക്ക് മാറ്റിയത്. പുറത്തേക്ക് മാറ്റിയെങ്കിലും, ആരാധനയ്ക്കായി എത്തുന്ന ഭക്തജനങ്ങൾക്ക് ക്ഷേത്രാചാരപ്രകാരമുള്ള വസ്ത്രധാരണം നിർബന്ധമാക്കിയിരുന്നു. ഈ വ്യവസ്ഥയും ആചാരക്രമങ്ങളും ക്ഷേത്രോൽപത്തി മുതൽ നിലനിന്നുവരുന്ന സാഹചര്യത്തിലാണ് ഹൈന്ദവമായ ഈശ്വരവിശ്വാസങ്ങളെ കാറ്റിൽ പറത്തിക്കൊണ്ടുള്ള ഇപ്പോഴത്തെ തീരുമാനം.

ഇങ്ങനെയിരിക്കെയാണ്, ഗുരുവായൂർ ക്ഷേത്രത്തിലെ പൂജാവിധികൾ എങ്ങനെയാവണമെന്നും അത് എങ്ങനെ നടക്കണമെന്നും ആചാരക്രമങ്ങൾ എപ്രകാരമായിരിക്കണമെന്നും തീരുമാനിക്കാൻ അധികാരപ്പെട്ട തന്ത്രിമുഖ്യനും ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മറ്റി സ്ഥിരംമെമ്പറുമായ ബ്രഹ്മശ്രീ പി.സി. നാരായണൻ നമ്പൂതിരിപ്പാടിന്റേതായ വിയോജനക്കുറിപ്പ് ബന്ധപ്പെട്ടവർക്ക് നല്കിയത് -

'ഗുരുവായൂർക്ഷേത്രത്തിൽ നിരവധി കാലങ്ങളായി നടന്നുവരുന്ന പ്രസാദമൂട്ടിൽ ഇനിമുതൽ അഹിന്ദുക്കൾക്കും പങ്കെടുക്കാമെന്നും പ്രസാദമൂട്ടിൽ പങ്കെടുക്കുന്നവർ യാതൊരു ക്ഷേത്രമര്യാദകളും പാലിക്കേണ്ടതില്ലെന്നും ചെരുപ്പ്, ഷർട്ട്, പാന്റ് എന്നിവ ധരിക്കാമെന്നും മറ്റുമുള്ള ഈ തീരുമാനം ഗുരുവായൂരപ്പന്റെ ഭക്തജനങ്ങളെ അത്യധികം ആശങ്കയിലാഴ്ത്തിയിരിക്കുകയാണെന്നും, ഇപ്രകാരം ഒരു തീരുമാനം ഗുരുവായൂർ ദേവസ്വം ഭരണസമിതി എടുത്തിട്ടുണ്ടെങ്കിൽ അത് ഗുരുവായൂർക്ഷേത്രത്തിലെ പ്രധാന തന്ത്രിയായ ഞാൻ ഭരണസമിതിയോഗത്തിൽ പങ്കെടുത്തസമയത്തോ എന്റെ സമ്മതത്തോടുകൂടിയോ അല്ല എന്നും ഇത്തരം തീരുമാനം ക്ഷേത്രചൈതന്യത്തെ ബാധിക്കുന്നതാണെന്നും, അതിനാൽ ഗുരുവായൂർക്ഷേത്രചൈതന്യത്തെ ബാധിക്കുന്ന ഈ തീരുമാനം എത്രയും പെട്ടെന്ന് പിൻവലിക്കണമെന്നും' ആണ് വിയോജനക്കുറിപ്പിലൂടെ അദ്ദേഹം ഭരണസമിതിയോട് ആവശ്യപ്പെട്ടത്.

ഈ സാഹചര്യത്തിലാണ് ഗുരുവായൂർക്ഷേത്രത്തിലെ പ്രസാദമൂട്ടിൽ അഹിന്ദുക്കളെക്കൂടി പങ്കെടുപ്പിക്കുന്നതിനും പ്രസാദമൂട്ടുഹാളിൽ ഷർട്ട്, ബനിയൻ, ചെരുപ്പ് എന്നിവ ധരിച്ച് എല്ലാവർക്കും പ്രവേശിക്കാമെന്നും ഉള്ള തീരുമാനം ഭരണസമിതി പിൻവലിക്കാൻ ഇടയായത്. തന്ത്രിമുഖ്യന്റെ സമയോചിതമായ ഇടപെടലും അതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടായ തീരുമാനവും ഹൈന്ദവ ഈശ്വരവിശ്വാസികളെ സംബന്ധിച്ചിടത്തോളം ആശ്വാസകരവും സ്വാഗതാർഹവുമാണ്.

ഹൈന്ദവരിൽ ബഹുഭൂരിപക്ഷവും ഈശ്വരവിശ്വാസികളാണ്. നിരീശ്വരവാദികൾ ഉണ്ടെന്നു പ്രചരിപ്പിക്കുന്നുണ്ടെങ്കിലും അത് തുലോം കുറവാണ്. ഇത് എല്ലാ മതവിശ്വാസികളുടെ ഇടയിലുമുള്ള ഒരു യാഥാർത്ഥ്യമാണ്. ദേവസ്വംബോർഡുകളുടെ ഭരണച്ചുമതല വഹിക്കുന്നവരായാലും അവരെ അതിലേക്ക് നിയോഗിക്കുന്ന രാഷ്ട്രീയക്കാരായാലും അവർ നയിക്കുന്ന സർക്കാരുകളായാലും, ഹൈന്ദവവിശ്വാസങ്ങളെ തകർക്കുവാനുള്ള ആസൂത്രിതമായ നീക്കം ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ തുടർച്ചയായി ഉണ്ടാകുന്നു എന്ന പരാതി പറയാതെവയ്യ. ഒരു മതവിഭാഗത്തിൽപ്പെട്ട ഈശ്വരവിശ്വാസികളും ഇതിനെ പിന്തുണയ്ക്കുമെന്നു കരുതരുത്. ഈ പോക്ക് ഭരിക്കുന്ന സർക്കാരുകൾക്കും അവരെ നയിക്കുന്ന രാഷ്ട്രീയ പാർട്ടികൾക്കും ഒരുതരത്തിലും ഗുണം ചെയ്യുകയില്ല എന്ന് ഓർക്കുന്നത് നന്ന്.